## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4485 25/06/2019-ൽ മറുപടിയ്ക്ക്

## പ്രീ പ്രൈമറി വിദ്യാഭ്യാസമേഖലയുടെ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസ മേഖലയുടെ നിലവാരം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) 413 കേന്ദ്രങ്ങളിൽ എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ അവസ്ഥാപഠനം നടത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ വിവരശേഖരണ പത്രിക ഉപയോഗിച്ചാണ് അവസ്ഥാ പഠനം നടത്തിയത്. വിവരശേഖരണ പത്രികയിൽ ഗുണത, ലഭ്യത എന്നീ രണ്ട് ഭാഗങ്ങളുണ്ട്. ഭൗതികം, അക്കാദമികം, സാമൂഹികം, ക്ലസ്റ്റർ അധിഷ്ഠിതം എന്നിവ സംബന്ധിച്ച് വിവരങ്ങളാണ് ശേഖരിച്ചത്. |
| (ബി) പ്രസ്തുത വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനായി സമഗ്ര ശിക്ഷാ പദ്ധതി അനുസരിച്ച് കേന്ദ്ര സർക്കാർ പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് അനുവദിച്ചത്; | (ബി) ഉണ്ട്. പദ്ധതി അടങ്കൽ തുകയായി 20.07 കോടി രൂപ (ഇരുപത് കോടി ഏഴ് ലക്ഷം രൂപ) എം.എച്ച്.ആർ.ഡി അംഗീകരിച്ചിട്ടുണ്ട്. |
| (സി) ഈ പദ്ധതി പ്രകാരം പ്രീ പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചി ട്ടുണ്ട്.<br>1. പ്രീ-സ്കൂളുകളേയും അങ്കൺവാടികളേയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂൾ പരിപാടി.<br>2. അധ്യാപക പരിശീലനം |

3. ആയമാർ/രക്ഷകർത്താക്കൾ/ ജനപ്രതിനിധികൾ എന്നിവർക്ക് ഏകദിന ഓറിയന്റേഷൻ
4. കളിപ്പാട്ടം, കളിത്തോണി എന്നീ പഠന സാമഗ്രികളുടെ വിതരണം
5. ആക്ടിവിറ്റി കോർണറുകൾ സജ്ജീകരിക്കൽ
6. തീമുകളെ അടിസ്ഥാനമാക്കിയുള്ള പഠനസാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

Reena

സെക്ഷൻ ഓഫീസർ